# KOTTAPURAM DIOCESAN GAZZETTE
## കോട്ടപ്പുറം രൂപത ഗസറ്റ്

Vol. XV October 08, 2021 No.6


# CIRCULAR - 6

# മെത്രാൻമാരുടെ 16–ാമത് സാധാരണ സിനഡിന്റെ രൂപതാതല ഉദ്ഘാടനം

പ്രിയ വൈദീകരെ,

ആഗോള കത്തോലിക്കാ മെത്രാൻ സമിതിയുടെ 16–ാംമത് ഓർഡിനറി അസംബ്ലി 2023 ഒക്ടോബർ മാസത്തിൽ റോമിൽ വച്ച് നടത്തപ്പെടുകയാണ്. ''സിനഡാത്മക സഭയ്ക്കായ്: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം'' എന്ന വിഷയത്തിൽ നടത്തപ്പെടാൻ പോകുന്ന സിനഡിൽ ലോകം മുഴുവനിലുമുള്ള പ്രദേശിക സഭകളുടെയും വ്യക്തിഗത സഭകളുടെയും ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് പ. പിതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്.

2021 ഒക്ടോബർ 10ന് റോമിൽ സെന്റ് പീറ്റർ ബസലിക്കായിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ദിവ്യബലി മദ്ധ്യേയാണ് സിനഡൽ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുന്നത്.

ഒക്ടോബർ 17–ാം തീയതി രാവിലെ 6.30ന് കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്ന ദിവ്യബലിയോടു കൂടിയാണ് രൂപതാ തല സിനഡൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടക്കുന്നത്. 2021 ഒക്ടോബർ 17ന് ശേഷം സാഹചര്യാനുസരണം ഫൊറോനകളിലും ഇടവകകളിലും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സിനഡൽ പ്രക്രിയയുടെ ഉദ്ഘാടനം നടത്തപ്പെടേണ്ടതാണ്.

രൂപതാതല സിനഡൽ സമിതിയുടെ രൂപീകരണം, സ്ത്രീ-പുരുഷൻമാർ ഉൾപ്പെടെ അത്മായരുടെയും സന്യസ്തരുടെയും പ്രാതിനിധ്യം ഉറപ്പാക്കി ഫെറോന ഇടവക തലങ്ങളിൽ മതിയായ പങ്കാളിത്തത്തോടെ സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

സിനഡിന്റെ ഒരുക്കരേഖയും പഠനരേഖയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. രൂപതാ, ഫൊറോന, ഇടവക തലങ്ങളിൽ സിനഡാത്മകതയുടെ ഭാഗമായി നടത്തേണ്ട പഠന ശിബിരങ്ങളെയും മറ്റു കർമ്മ പരിപാടികളെയും കുറിച്ച് വിശദമായ അറിയിപ്പ് താമസം വിന നൽകുന്നതാണ്. സിനഡിന്റെ രൂപതാതല പ്രക്രിയയിൽ പങ്കുചേരാൻ എല്ലാ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂടുതൽ പ്രമാണ രേഖകൾ ഉണ്ടാവുകയല്ല ഈ സിനഡിന്റെ ലക്ഷ്യം; മറിച്ച് സഭയുടെ അന്ത:സത്തയിൽ ആഴപ്പെട്ടുകൊണ്ട് മനുഷ്യരുടെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും പൂവണിയിക്കുക, മുറിവുകൾ വച്ച്കെട്ടുക, മനുഷ്യർക്കിടയിൽ ഇരുൾപരത്തുന്ന വിഭാഗികതയുടെ കാർമേഘങ്ങൾക്കുമുകളിൽ സർവ്വ സഹോദര്യത്തിന്റെ സത്യസന്ധവും പരസ്പരം വളർത്തുന്നതുമായ ആഴപ്പെട്ട ബന്ധങ്ങളുടെ ആവിഷ്ക്കാരമായ് മാറുക, ദൈവവചനത്താൽ മനസ്സുകളെ പ്രകാശിപ്പിക്കുകയും ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുകയും ചെയ്തുകൊണ്ട് സഭയുടെ പൊതു ദൗത്യം നിറവേറ്റാൻ വിശ്വാസികളുടെ കരങ്ങളെ ശക്തിപ്പെടുത്തുക തുടങ്ങിയ ഉന്നതാ ദർശനങ്ങളിലേക്ക് എത്തിചേരാൻ ഒരോ വിശ്വാസിയേയും പ്രാപ്തനാക്കുക എന്നതാണ്.

അപ്പസ്തോലൻമാരുടെ രാജ്ഞിയും സഭയുടെ മാതാവുമായ പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥയിൽ രൂപതാതല സിനഡിന്റെ പ്രവർത്തനങ്ങളെ ദൈവത്തിന് ഭരമേൽപ്പിച്ചുകൊണ്ട്, ഒരു പ്രേഷിത സഭ എന്ന രീതിയിൽ തീർത്ഥാടകരായി സിനഡാത്മകമായി സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് സിനഡിന്റെ പാതയിൽ ഒരുമിച്ച് മുന്നേറാൻ വിവിധ തലങ്ങളിലുള്ള എല്ലാ സഭാ മക്കളേയും പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കട്ടെ എന്ന് ഈ അവസരത്തിൽ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്,

കോട്ടപ്പുറം നമ്മുടെ രൂപതാകാര്യാലയത്തിൽ നിന്നും

2021 ഒക്ടോബർ 8-ാം തീയതി

**† ജോസഫ് കാരിക്കശ്ശേരി**

കോട്ടപ്പുറം രൂപത മെത്രാൻ

Printed and Published by Fr. Benny Vazhakkoottathil, Chancellor
Image Offset Press (KIDS), Kottapuram